**പോലീസ് വകുപ്പ്**

**കേരളം**

**No. B1-24966/2022/KAP-II**

കേരള ആംഡ് പോലീസ് ബറ്റാലിയൻ-II,
പാലക്കാട്
cmdtkap2.pol@kerala.gov.in
04912555191

തീയതി. 04-03-2023

<u>**ലേലപരസ്യം**</u>

മുട്ടിക്കുളങ്ങര കെ.എ.പി രണ്ടാം ബറ്റാലിയനിൽ കാറ്റിലും മഴയിലും കടപുഴകി വീണ 4 തേക്ക് മരവും (നമ്പർ 168, 169, 192, 193) ഒരു നെല്ലി മരവും (നമ്പർ 861) ആയത് ബന്ധപ്പെട്ട അധികാരികൾ അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ 15/03/2023 തിയതി കാലത്ത് 11.00 മണിക്ക് കെ.എ.പി രണ്ടാം ബറ്റാലിയൻ പോലീസ് ക്യാമ്പിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് നൽകുന്നതാണ്.

<u>നിബന്ധനകൾ</u>

1. ലേലത്തിൽ പങ്ക് കൊള്ളുവാൻ ആഗ്രഹിക്കുന്നവർ 1000/- (ആയിരം രൂപ മാത്രം) നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. കൂടാതെ ടിയാളുടെ തിരിച്ചറിയൽ രേഖകളും മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖകളും ലേലം തുടങ്ങുന്നതിനു മുൻപ് തന്നെ ലേലം നടത്തുന്ന ഉദ്യോഗസ്ഥരെ കാണിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

2. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സമ്മതത്തോട്ടുകൂടി പ്രവൃത്തി ദിവസങ്ങളിൽ 10.00 മണി മുതൽ 4.00 മണി വരെയുള്ള സമയത്തിനുള്ളിൽ ലേലം വിളിക്കപ്പെടുന്ന വൃക്ഷങ്ങൾ നേരിട്ടു കാണാവുന്നതാണ്.

3. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ, നിശ്ചിത നിരത ദ്രവ്യമായ തുക അടച്ചതിൻറെ demand draft മുട്ടികുളങ്ങര കെ.എ.പി 2 ബറ്റാലിയൻ കമാണ്ടൻറിൻറെ പേരിൽ 14/03 /2023 തീയ്യതി വൈകീട്ട് 4 മണി വരെ കെ.എ.പി 2 ബറ്റാലിയൻ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ് .

4. ദർഘാസ് അടങ്ങിയ കവറിന് പുറത്ത് "പോലീസ് ഡിപ്പാർട്ട്മെൻറ് വക" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

5. പരസ്യലേലം അവസാനിച്ചയുടൻ ദർഘാസുകൾ തുറക്കുന്നതും, പരസ്യലേലത്തിലോ, ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിന് ലേലം താൽകാലികമായി സ്ഥിരപ്പെടുത്തികൊടുക്കുന്നതുമാണ്.

6. ലേലം കൊണ്ടയാൾ നിരതദ്രവ്യം ഉൾപ്പെടെ ലേലത്തുകയുടെ പകുതി സംഖ്യ ലേല ദിവസം തന്നെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുതുപ്പരിയാരം ബ്രാഞ്ചിലെ കമാണ്ടൻറിന്റെ പേരിലുള്ള അക്കൌണ്ടിൽ (ബാങ്ക് അക്കൌണ്ട് നമ്പർ ലേലബോർഡ് അധികാരികൾ ലേലം കൊണ്ടായാൾക്ക് നൽക്കേണ്ടതാണ്) നിക്ഷേപിച്ച് ആയതിന്റെ രസീത് ലേലം കൊണ്ടയാൾ ബറ്റാലിയൻ ക്യാഷിയറെ എൽപ്പിക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയ ശേഷം ലേലത്തുകയുടെ ബാക്കിയും നിലവിലുള്ള ചരക്ക് സേവന നികുതിയും(GST 18%) കൂടാതെ ലേലത്തുകയുടേയും ചരക്ക് സേവന നികുതിയുടേയും (രണ്ട് തുകകളുടേയും) **5%** വന നികുതിയും (FDT) കമാണ്ടൻറിന്റെ അക്കൌണ്ടിൽ തന്നെ നിക്ഷേപിച്ച് ആയതിന്റെ രസീതിന്റെ ഒരു പകർപ്പ് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

7. ലേലത്തിൽ പങ്കുകൊള്ളുന്നവരുടെ നിരതദ്രവ്യം (ലേലം കൊണ്ടയാളുടെതൊഴികെ) ലേലം കഴിഞ്ഞയുടനെ

തന്നെ തിരിച്ചു നൽകുന്നതാണ്.

8. യാതൊരു കാരണവും കാണിക്കാതെ തന്നെ ലേലം മാറ്റിവെയ്ക്കാനും അസ്ഥിരപ്പെടുത്തുവാനുമുള്ള അധികാരം കമാണ്ടൻറിനോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഉണ്ടായിരിക്കും .

9. ലേലം കൊണ്ടയാൾ മേൽ പറഞ്ഞ നിബന്ധനകൾ പാലിക്കാത്ത പക്ഷം, പുനർലേലം നടത്തുന്നതിനും ആയതിനോടനുബന്ധിച്ച് സർക്കാരിന് സംഭവിക്കാവുന്ന നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും .

10. ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിന്നകം ബാക്കി തുക അടച്ച് സ്വന്തം ചെലവിൽ വകുപ്പിന്റെ മറ്റ് വസ്തുവകകൾക്ക് കേടുപാടില്ലാതെ മരങ്ങൾ മുറിച്ച് മാറ്റി കൊണ്ടുപോകേണ്ടതാണ്.



സന്ദീപ് വി എം ഐ. പി. എസ്.
കമാണ്ടൻറ്

| | | |
|---|---|---|
| സ്വീകർത്താവ് | : | എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, എല്ലാ ബറ്റാലിയൻ കമാണ്ടൻറുമാർക്കും അറിവിലേക്കും ആവശ്യമായ പ്രചരണത്തിനുമായി അയക്കുന്നു . ഡെപ്യൂട്ടി കമാണ്ടൻറ്, അസിസ്റ്റൻറ് കമാണ്ടൻറ് (ക്യു എം), ഓഫീസർ കമാണ്ടിങ് (എച്ച്.ക്യൂ ) എസ് .ഐ (ക്യൂ..എം) എന്നിവരുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു. |
| പകർപ്പ് | : | അസിസ്റ്റൻറ് കമാണ്ടൻറ് (ക്യു എം) ലേലപരസ്യം ജില്ലാ ഇൻഫർമേഷൻ ഓഫീസിലും, മറ്റ് സർക്കാർ ഓഫീസുകളിലും വ്യാപക പ്രചരണം നടത്തേണ്ടതാണ്. കെ.എ.പി രണ്ടാം ദളം കാഷ്യറുടെ അറിവിലേക്കായി. കമാണ്ടൻറിന്റെ സി.എ.യുടെ അറിവിലേക്കായി. |